പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം നമ്പർ : 122

21-01-2014 ൽ

മറുപടിയ്ക്ക്

## എക്സൈസിന്റെ സെക്യൂരിറ്റി ഹോളോഗ്രാം ലേബൽ നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എം. ആരിഫ്<br>ശ്രീ. ബി. സത്യൻ<br>ശ്രീ. ബാബു. എം. പാലിശ്ശേരി<br>ശ്രീ. എം. ഹംസ | ശ്രീ. കെ.സി. ജോസഫ്<br>( ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പുമന്ത്രി) |
| എ) എക്സൈസിന്റെ സെക്യൂരിറ്റി ഹോളോഗ്രാം ലേബൽ നിർമ്മാണം സി-ഡിറ്റ് നടത്തിവരുന്നുണ്ടോ; | എ) ഉണ്ട് |
| ബി) ഏതു സാങ്കേതിക വിദ്യ ഉപയോഗിച്ചാണ് സി-ഡിറ്റ് ലേബൽ നിർമ്മാണം നടത്തിവരുന്നത്; | ബി) ഹോളോഗ്രാം ലേബൽ പ്രിന്റിംഗ് സാങ്കേതിക വിദ്യ |
| സി) സി-ഡിറ്റിൽ ഇത്തരത്തിലുള്ള സാങ്കേതികവിദ്യകൾ ഉള്ളപ്പോൾത്തന്നെ ലേബൽ നിർമ്മാണത്തിന് സ്വകാര്യ കമ്പനികളുടെ താത്പര്യപത്രം ക്ഷണിച്ചിട്ടുണ്ടോ; ഇതിനുള്ള കാരണങ്ങൾ വിശദമാക്കുമോ; | സി) ഈ വിഷയത്തിൽ ബന്ധപ്പെട്ട മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ ചർച്ചകൾ നടത്തിയിട്ടുണ്ട്. ഈ യോഗത്തിന്റെ തീരുമാനപ്രകാരം പുതിയ സംവിധാനങ്ങളോട് കൂടിയ ലേബൽ നിർമ്മാണം നടത്തുന്നതിലേക്ക് നൂതനമായ സാങ്കേതിക വിദ്യകൾ ഏതൊക്കെ എന്ന് വിലയിരുത്തുന്നതിനുവേണ്ടി രാജ്യവ്യാപകമായി ഒരു താത്പര്യപത്രം ക്ഷണിച്ചിട്ടുണ്ട്. |
| ഡി) ലേബൽ നിർമ്മാണം ഒഴിവാക്കുന്നതിലൂടെ സി-ഡിറ്റിന്റെ വരുമാനത്തിൽ വൻ ഇടിവുണ്ടാകുമോ; ഇതു സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ? | ഡി) ഹോളോഗ്രാം നിർമ്മാണം ഇപ്പോൾ സി-ഡിറ്റിന്റെ ചുമതലയിലാണ്. നടക്കുന്നത്. ഇതു മാറ്റാൻ ഒരു തീരുമാനവും കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ